# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് പഠനം

5573 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും കിലയും സംയുക്തമായി പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ / നിഗമനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; പഠന റിപ്പർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഠനത്തിൽ 50 ഉം അതിൽ കൂടുതലും പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന എത്ര കോളനികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കണ്ടെത്തിയിട്ടുണ്ട്; അവ ഏതെല്ലാം; ഏതെല്ലാം പഞ്ചായത്തിൽ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ ഭവനം നിർമ്മിച്ച് നൽകാനും വൈദ്യുതീകരണം നടത്താനും പദ്ധതി ആവിഷ്കരിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ</u>

5574 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതിയിൽപ്പെട്ട എത്ര പേർ അതിക്രമത്തിന് ഇരയായിട്ടുണ്ടെന്ന് അറിയുമോ; വ്യക്തമാക്കുമോ;

(ബി) എത്ര പട്ടികജാതി സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നറിയുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പട്ടികജാതിയിൽപ്പെട്ട എത്ര പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായമായും ദുരിതാശ്വാസ സഹായമായും വിതരണം ചെയ്ത തുക</u>

5575 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായമായും ദുരിതാശ്വാസ സഹായമായും എന്തു തുക വകുപ്പുവഴി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനായി കാനോപി അനുവദിക്കുന്ന പദ്ധതി

5576 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പൂൾഡ്ഫണ്ടിൽ നിന്നും മിൽമ ഐസ്ക്രീം വിൽക്കുന്നതിന് മേൽക്കൂരയുള്ള ഫ്രീസർ ഫിറ്റ് ചെയ്ത വാഹനം (കാനോപി) എത്രയെണ്ണം വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു;

(ബി) ഇതിന് വേണ്ടി എത്ര രൂപ ചെലവഴിച്ചുവെന്നും ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഓരോ ഗുണഭോക്താവിനും എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി മോണിട്ടർ ചെയ്തിട്ടുണ്ടോ; ഇതിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും പദ്ധതി

5577 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ആലപ്പുഴ ജില്ലയിലെ ഇത്തരം സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) പുതിയ സാഹചര്യങ്ങൾക്കും തൊഴിൽ സാധ്യതകൾക്കും അനുസൃതമായി ആധുനിക തൊഴിൽ പരിശീലനങ്ങൾ പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

<u>എസ്.സി./എസ്.റ്റി. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ ട്യൂഷൻ ഫീസ്</u>

5578 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന ലംപ്സം ഗ്രാന്റ് സ്വകാര്യ സ്കൂൾ അധികൃതരും ചില സർക്കാർ സ്കൂളുകളും പി.റ്റി.എ. ഫണ്ട്, കെട്ടിട ഫണ്ട്, യൂറിൻ ഷെഡ് ഫണ്ട് എന്നീ ഇനങ്ങളുടെ പേരിൽ തിരികെ ഈടാക്കുന്നതും, ഇങ്ങനെ ഈടാക്കുന്ന തുകയ്ക്ക് രസീത് നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം അനധികൃതമായി ഫണ്ട് പിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ചില എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ എസ്. സി, എസ്.റ്റി വിഭാഗം വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് പട്ടികജാതി വികസന ഓഫീസിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് പകരം സ്കൂൾ അധികൃതർ വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇങ്ങനെ ഈടാക്കിയിട്ടുള്ള ട്യൂഷൻ ഫീസ് വിദ്യാർത്ഥികൾക്ക് തിരികെ നൽകാനുള്ള നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>പിന്നോക്ക പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

5579 ശ്രീ. എം. ഹംസ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകാനായും, എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ട പിന്നോക്ക പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകാനായും എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ വർഷം ചെലവായ തുകയുടെ മൂന്നിലൊന്ന് കുറവ് ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) ഇതിന് ആവശ്യമായ തുക നീക്കിവെയ്ക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനകോഴ്സിന്റെ പ്രവർത്തനം</u>

5580 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കോഴ്സിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും
ഹോസ്റ്റലുകളുടെയും പ്രവർത്തനം

5581 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപക നിയമനം</u>

5582

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപക നിയമനം പൊതുവിദ്യാഭ്യാസ വകുപ്പാണോ പട്ടികജാതി വികസന വകുപ്പാണോ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുമായി എത്ര അധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുളളത്; പ്രസ്തുത തസ്തികകളിൽ സ്ഥിര നിമയനം നടത്തിയിട്ടുണ്ടോ; സ്കൂളുകൾ തിരിച്ചുളള കണക്ക് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സ്ഥിരം നിമയനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ</u>

5583

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -13 അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എത്ര പട്ടികജാതി വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തത്;

(ബി) എത്ര തുകയാണ് ഇതിനായി ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതി</u>

5584 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതി പ്രകാരം 2011-2012 ൽ എത്ര കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്തു; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകുമോ;

(ബി) 2012-2013 ൽ എത്ര പേർക്ക് സൈക്കിൾ നൽകി; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ; അതിനായി എത്ര തുക ചെലവഴിച്ചു;

(സി) 2013-2014 അധ്യയന വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) സൈക്കിൾ എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പട്ടികജാതി സ്ത്രീകൾക്ക് പശു വിതരണം</u>

5585 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പൂൾഡ് ഫണ്ടിൽ നിന്നും പട്ടികജാതി സ്ത്രീകൾക്ക് പശുവിനെ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിൽ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പട്ടികജാതി കോളനിവാസികൾക്ക് ബി. പി. എൽ. കാർഡ്</u>

5586 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്നും ഇതിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും എത്ര പേർക്ക് ബി. പി. എൽ. റേഷൻ കാർഡുണ്ടെന്നും അറിയാമോ; വ്യക്തമാക്കുമോ; ഇതുവരെയായും ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താത്ത എത്ര കോളനി വാസികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വിജ്ഞാൻവാടികൾ നിർമ്മിക്കുന്നതിന് നടപടി</u>

5587 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2012 ജനുവരി മുതൽ നാളിതുവരെ എത്ര വിജ്ഞാൻ വാടികൾക്കാണ് വകുപ്പ് നിർമ്മാണാനുമതി നൽകിയിട്ടുള്ളതെന്നും എവിടെയെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും കൂടുതലായി അധിവസിക്കുന്ന ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് വിജ്ഞാൻ വാടികൾ നിർമ്മിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളതെന്നും നിർമ്മാണാനുമതി നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ ചികിത്സാ ധനസഹായം

5588 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി പട്ടികജാതി – പിന്നോക്കക്ഷേമ വകുപ്പ് 2013 ൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) സാമ്പത്തിക സഹായം അനുവദിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ

5589 ശ്രീ.വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾക്കായി നീക്കി വച്ച തുക ഏതെല്ലാം പഞ്ചായത്തുകളിൽ എന്തെല്ലാം ആവശ്യത്തിനായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാമങ്ങൾ ഏതെല്ലാമെന്നും ഇവിടങ്ങളിൽ പദ്ധതി നടപ്പാക്കാനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്നും ഗ്രാമങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക്</u>
<u>ധനസഹായം</u>

5590 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ നടത്തുന്ന പദ്ധതികൾ

5591 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗവികസന കോർപ്പറേഷൻ മുഖേന കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; എന്ത് തുകയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പകൾ വ്യക്തികൾക്ക് നേരിട്ടാണോ, സന്നദ്ധസംഘടകൾ മുഖേനയാണോ വിതരണം ചെയ്യുന്നത്;

(ഡി) 2013 മേയ് 7 ന് കോർപ്പറേഷൻ തിരുവനന്തപുരത്ത് ജാതി സംഘടനകളുടെ യോഗം വിളിച്ചിരുന്നോ;

(ഇ) എന്തിന് വേണ്ടിയായിരുന്നു യോഗം; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ

5592 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ കോർപ്പറേഷൻ ഗുണഭോക്താക്കൾക്കായി വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതികൾക്കായി ഈ സർക്കാരിന്റെ കാലത്ത് എത്ര കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്;

(ഡി) എത്ര ഗുണഭോക്താക്കൾക്കാണ് ഈ വായ്പാ സൗകര്യം ലഭ്യമാകുന്നത്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ</u>

5593 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ഗുണഭോക്താക്കൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്കാണ് വായ്പകൾ അനുവദിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) വായ്പയുടെ പരിധി എത്രയാണ്; വിശദാംശം നൽകുമോ;

(ഡി) വായ്പ നൽകുന്നതിനുള്ള നടപടിക്രമവും ജാമ്യവ്യവസ്ഥയിൽ ഇളവു വരുത്തുന്ന കാര്യവും പരിഗണനയിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗ കോര്‍പ്പറേഷന്‍ മുഖേന തൊഴിലധിഷ്ഠിത പരിശീലന പരിപാടി</u>

5594 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
'' വി. പി. സജീന്ദ്രന്‍
'' അന്‍വര്‍ സാദത്ത്
'' ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്വയം തൊഴില്‍ സംരംഭകരായ ഗുണഭോക്താക്കള്‍ക്കായി പിന്നോക്ക വിഭാഗ കോര്‍പ്പറേഷന്‍ മുഖേന തൊഴിലധിഷ്ഠിത പരിശീലന പരിപാടികള്‍ സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) ഏതെല്ലാം മേഖലയിലാണ് പരിശീലന പരിപാടികള്‍ സംഘടിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എത്ര ഗുണഭോക്താക്കള്‍ക്ക് പരിശീലന പരിപാടികളില്‍ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന് അനുവദിച്ച തുക</u>

5595 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
'' മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന് വേണ്ടി 2011-2012, 2012-2013 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

(ബി) ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്;

(സി) ഓരോ ഇനത്തിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഓരോ ഇനത്തിലും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം</u>

5596 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ വരുമാനത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വർദ്ധനവ് വന്നിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വിനോദസഞ്ചാര സാധ്യതകളെയും അനുബന്ധ വിവരങ്ങളെയും കുറിച്ച് പഠനം നടത്താനും സാധ്യതകൾ കണ്ടെത്തിയാൽ പദ്ധതികൾ ആവിഷ്കരിക്കാനും എന്തു സംവിധാനമാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണം</u>

5597

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) 2011-ൽ എത്തിയ വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്ര വീതമായിരുന്നു; വ്യക്തമാക്കുമോ;

(ബി) 2012- ൽ ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും വരുമാനമായി എത്ര തുക ലഭിച്ചു; വ്യക്തമാക്കുമോ;

(സി) 2012-ൽ ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണ്;

(ഡി) യൂറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ ടൂറിസം രംഗത്തെ ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഇന്ത്യയിൽ 2012-ൽ എത്തിയ മൊത്തം ടൂറിസ്റ്റുകളിൽ എത്ര ശതമാനം പേർ കേരളം സന്ദർശിച്ചുവെന്ന് അറിയാമോ;

(എഫ്) 2013 ജനുവരി മുതൽ ജൂൺ 30 വരെ സംസ്ഥാനം സന്ദർശിച്ച വിദേശ-ആഭ്യന്തര ടൂറിസ്റ്റുകൾ എത്ര പേരെന്നും ആയതുവഴി ലഭിച്ച വരുമാനം എത്രയെന്നും വ്യക്തമാക്കുമോ;

(ജി) ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് ഇപ്പോൾ ഗണ്യമായി കുറയുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ടൂറിസ്റ്റുകളുടെ വർദ്ധന</u>

5598 ശ്രീ. പി.എ. മാധവൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിച്ചി
ട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരി
ക്കുമോ;

(സി) ഇതു മൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട്;

(ഡി) ഈ ലക്ഷ്യം സാധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

## ടൂറിസം പ്രമോഷൻ ബോർഡ്

5599 ശ്രീ. ബാബു എം. പാലിശ്ശേരി
,, എം. ചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷത്തെ ബജറ്റിൽ സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പ്രമോഷൻ ബോർഡ് രൂപീകരിക്കുന്നതിന് നീക്കിവെച്ച തുക എത്രയായിരുന്നു;

(ബി) പ്രസ്തുത തുക ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കായി എന്തു തുക വീതം ചെലവഴിച്ചു;

(സി) പദ്ധതി തുക ചെലവാക്കിയ, സ്വകാര്യപങ്കാളിത്ത പദ്ധതി എന്തായിരുന്നു;

(ഡി) ടൂറിസം പ്രമോഷൻ ബോർഡ് നിലവിൽ വന്നത് എപ്പോഴായിരുന്നു; ബോർഡിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(ഇ) 2012–13ലെ ടൂറിസം മാർക്കറ്റിംഗിന് എന്തു തുക ഏതെല്ലാം ഏജൻസികൾ വഴി ചെലവഴിക്കുകയുണ്ടായി?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ടൂറിസം മാർക്കറ്റിംഗ്</u>

5600 ശ്രീ.തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടിക ജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ടൂറിസം മാർക്കറ്റിംഗിന് അനുവദിച്ചിരുന്ന 40 കോടി രൂപ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുവെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) 2013-2014 സാമ്പത്തിക വർഷം ടൂറിസം മാർക്കറ്റിംഗിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ഇക്കോടൂറിസം പദ്ധതികൾ</u>

5601

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതികൾ എത്രയെണ്ണമാണ് നിലവിലുള്ളതെന്നുള്ള വിവരം നൽകുമോ; പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും ഇക്കോ ടൂറിസം പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ വനം വകുപ്പിന്റെ എൻ. ഒ. സി. ഭരണാനുമതിയ്ക്ക് തടസ്സമാകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇക്കാര്യം ലഘൂകരിയ്ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പരസ്യങ്ങൾക്കായി ചെലവഴിച്ച തുക</u>

5602 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് ഏതൊക്കെ പരസ്യ ഏജൻസികൾ വഴിയാണ് പരസ്യങ്ങൾ നൽകുന്നത്;

(ബി) ഇതിനായി വിനോദസഞ്ചാര വകുപ്പ് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഇതിനായി ഓരോ പരസ്യ കമ്പനിക്കും കൊടുത്ത തുക എത്രയെന്നു വിശദമാക്കുമോ;

(ഡി) പ്രസ്തുത പരസ്യകമ്പനികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡമെന്താണ്?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>"ഓൾസീസൺ ക്യാമ്പയിൻ"</u>

5603

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് "ഓൾസീസൺ ക്യാമ്പയിൻ" പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പരിപാടി വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പരിപാടിയുടെ വിജയത്തിന് ആരെയൊക്കെയാണ് സഹകരിപ്പിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വികസന പ്രവര്‍ത്തനങ്ങള്‍ക്ക്</u>
<u>പുരസ്കാരങ്ങള്‍</u>

5604 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, ഹൈബി ഈഡന്‍
,, ഷാഫി പറമ്പില്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം വിനോദസഞ്ചാര വികസന പ്രവര്‍ത്തനങ്ങള്‍ക്ക് സംസ്ഥാനത്തിന് പുരസ്കാരങ്ങള്‍ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പുരസ്കാരങ്ങള്‍ സംബന്ധിച്ച വിശദാംശങ്ങള്‍ വിവരിക്കാമോ;

(സി) പുരസ്കാരങ്ങള്‍ ലഭിക്കുന്നതിന് വിനോദസഞ്ചാര മേഖലയില്‍ എന്തെല്ലാം നടപടികളാണ് കൈകൊണ്ടത്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശാസ്ത്രിയ മാലിന്യ സംസ്കരണ സംവിധാനം

5605 ശ്രീ.പാലോട് രവി
'' എ.പി.അബ്ദുള്ളക്കുട്ടി
''വർക്കല കഹാർ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടിക ജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ നടത്തിപ്പിൽ ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജൈവ വൈവിധ്യ പാർക്കുകൾ</u>

5606

ശ്രീമതി കെ. എ സ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവ വൈവിധ്യ പാർക്കുകൾ എവിടെല്ലാം സ്ഥാപിക്കാനാണ് നടപടികൾ സ്വീകരിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും, കേരള ജൈവ വൈവിധ്യ ബോർഡും എന്ത് നടപടികൾ ഓരോ ജില്ലകളിലും സ്വീകരിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക അനുവദിച്ചു നല്കി; ഏതു സ്ഥലത്തിനായാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജൈവ വൈവിധ്യ പാർക്കിനായി വളളക്കടവിൽ സർക്കാർ എത്ര സ്ഥലം ഏറ്റെടുത്തു, എന്തെല്ലാം പ്രവൃത്തികളാണ് അവിടെ നടത്തുവാനുദ്ദേശിക്കുന്നത്; ഇതിന് നേതൃത്വം നൽകുന്നത് ആരെല്ലാം; എന്ത് തുക അനുവദിച്ചു; ഇതിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ആരാണ് നിർവ്വഹിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സീപ്ലെയിൻ പദ്ധതി</u>

T5607 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീപ്ലെയിൻ പദ്ധതി ആരംഭിക്കുമ്പോൾ മത്സ്യതൊഴിലാളികളുടെ ആശങ്ക അകറ്റാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യതൊഴിൽ നഷ്ടപ്പെടുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും എത്രകോടി രൂപയാണ് ലാഭം പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>സീ പ്ലെയിന്‍ പദ്ധതി</u>

5608 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീ പ്ലെയിന്‍ പദ്ധതിക്ക് വേണ്ടി കേരള ഗവണ്‍മെന്റ് കൈരളി ഏവിയേഷന്‍ കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൊണ്ട് ലഭിക്കുന്ന സാമ്പത്തിക ലാഭത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതി</u>

5609 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' ലൂഡി ലൂയിസ്
'' റ്റി. എൻ.പ്രതാപൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടിക ജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനത്തിന് ആരെയൊക്കെയാണ് സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഈസ്റ്റേൺ കോറിഡോർ- വടക്കൻ കേരള ടൂറിസം സർക്യൂട്ട് പദ്ധതികൾ

5610

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ഈസ്റ്റേൺ കോറിഡോർ പദ്ധതി, വടക്കൻ കേരള ടൂറിസം സർക്യൂട്ട് എന്നിവയിലൂടെ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

വടക്കൻ കേരളാ ടൂറിസം സർക്യൂട്ട് പദ്ധതി

5611 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടക്കൻ കേരളാ ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളെ ഉൾപ്പെടുത്തിയാണ് പ്രസ്തുത ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഏത് ഏജൻസിയ്ക്കാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതല നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ</u>

5612 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടിക ജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ടൂറിസം വികസനത്തിനായി എത്ര രൂപ നീക്കി വെച്ചിരുന്നു; എത്ര രൂപ ചെലവഴിച്ചു; അസംബ്ലി മണ്ഡലം തിരിച്ച് വിവരങ്ങൾ നൽകാമോ;

(ബി) ഈ കാലയളവിൽ നടത്തിയ പ്രധാന ടൂറിസം വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(സി) നാട്ടിക മണ്ഡലത്തിൽ മാത്രമായി നടത്തിയ ടൂറിസം പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഏത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ഡി) നാട്ടിക മണ്ഡലത്തിൽ തുടർന്ന് ഏതെങ്കിലും ടൂറിസം വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

5613 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലകളിൽ എത്ര ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിക്കായി ടൂറിസം വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ഹൗസ് ബോട്ടുകളിലെ സുരക്ഷാക്രമീകരണങ്ങളുടെ പരിശോധന, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ പരിശോധിക്കുന്നതിന് ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ബോട്ടപകടങ്ങൾ മൂലം ടൂറിസം മേഖലയിലെ പ്രതിസന്ധി

5614 ശ്രീ. ആർ. രാജേഷ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കാനിടയായ പശ്ചാത്തലം സർക്കാർ പരിശോധിച്ചോ;

(ബി) അടിക്കടിയുണ്ടാകുന്ന ബോട്ടപകടങ്ങൾ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി</u>

5615 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–2013 ൽ കേന്ദ്ര സർക്കാർ തുക അനുവദിച്ച ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിൽ വരുത്തുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കാരാപ്പുഴ ടൂറിസം പദ്ധതി</u>

5616 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കാരാപ്പുഴ ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ഭൗതിക ലക്ഷ്യം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>റാണിപുരം വിനോദ സഞ്ചാര കേന്ദ്രം</u>

5617

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ റാണിപുരം വിനോദ സഞ്ചാര കേന്ദ്രം നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തിയായത്;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ഉദ്ഘാടനം നടന്നത് എന്നാണ്;

(സി) വിനോദസഞ്ചാര കേന്ദ്രത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ 'ശാന്തിതീരം റിവർസൈഡ് വാക്ക്‌വെ' പദ്ധതി</u>

5618 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ നടപ്പാക്കുന്ന 'ശാന്തിതീരം റിവർസൈഡ് വാക്ക്‌വെ' ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പാലക്കാട് ഡി.റ്റി.പി.സി. എക്സിക്യൂട്ടീവ് കമ്മറ്റി പുന:സംഘടന</u>

5619 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.) പുന:സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ജില്ലയിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷൻ ഉൾക്കൊള്ളുന്ന മണ്ഡലങ്ങളിലെ എം.എൽ.എ.മാരെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം വിവേചനം അവസാനിപ്പിക്കാൻ ഡി.റ്റി.പി.സി. എക്സിക്യൂട്ടീവ് കമ്മറ്റി പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ഡി. ടി. പി. സി. ജീവനക്കാരുടെ ശമ്പള വർദ്ധന</u>

5620 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഡി. ടി. പി. സി. ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുവാനും ശമ്പളസ്കെയിൽ അനുവദിക്കുവാനും ജോലിസ്ഥിരത നൽകുവാനും ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ജൂൺ 25.

പി. ഡി. ശാരംഗധരൻ
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]